പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1148 — 11.07.2011-ൽ മറുപടിയ്ക്ക്

## കണ്ണൂർജില്ലയിലെ മലയോര പ്രദേശങ്ങളിൽ കാർഷിക വിളകളുടെ രോഗബാധ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | കണ്ണൂർ ജില്ലയിലെ മലയോര പ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ് തുടങ്ങിയവയ്ക്ക് രോഗബാധ മൂലം വ്യാപകമായ കൃഷിനാശം സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ രോഗ പ്രതിരോധത്തിനും കൃഷിനാശം വന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (ബി) | 2009-10 ൽ നടുവിൽ, പയ്യാവൂർ, പാട്യം, ആറളം, ശ്രീകണ്ഠപുരം, പിണറായി, ചാവശ്ശേരി, ചെറുപുഴ, ചെറുതാഴം, തില്ലങ്കേരി, ചെമ്പിലോട് പഞ്ചായത്തുകളിലായി ആകെ 11092 തെങ്ങുകൾ മുറിച്ചു മാറ്റുകയും ഇതിനുള്ള ധനസഹായമായി 55,48,000/- രൂപ RKVY, ജനകീയാസൂത്രണ പദ്ധതികളിൽ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ രോഗ പ്രതിരോധത്തിനായി 35,000 തെങ്ങുകൾക്ക് മാങ്കോസെബ്സാഷെ നൽകിയിട്ടുണ്ട്. 2,75,000/- രൂപ ഇതിനായി ചിലവഴിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ ജില്ലയിലാകെ 100 കേരശ്രീ ക്ലസ്റ്ററുകളും, 2011-12 വർഷത്തിൽ 100 ക്ലസ്റ്ററുകളും രൂപീകരിച്ചിട്ടുണ്ട്. ക്ലസ്റ്ററുകളിലെ രോഗബാധിത തെങ്ങുകൾ മുറിച്ചു മാറ്റാൻ (1 ഹെക്ടറിൽ 10 എണ്ണം) തെങ്ങൊന്നിന് 500 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. ആവശ്യാനുസരണം കുമിൾ നാശിനി സാഷെയും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ